## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.748 | 07.11.2016-ൽ മറുപടിയ്ക്ക് |
|---|---|

**കംഫർട്ട് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. രാജൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ചെറിയ തുക നൽകി പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കാനുതകുന്ന, കൃത്യമായി പരിപാലിക്കപ്പെടുന്ന കംഫർട്ട് സ്റ്റേഷനുകൾ നഗരങ്ങളിൽ നിർമ്മിക്കുന്നതിനും അവ എവിടെയൊക്കെയുണ്ടെന്ന് അറിയിക്കുന്ന സൂചനാ ബോർഡുകൾ പ്രധാന സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും നടപടി യെടുക്കുമോ? | (എ) | ചെറിയ തുക നല്കി പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കാനുതകുന്ന, കൃത്യമായി പരിപാലിക്കപ്പെടുന്ന കംഫർട്ട് സ്റ്റേഷനുകൾ പ്രധാന നഗരങ്ങളിൽ സ്ഥാപിക്കുന്നതിന് നഗരസഭാതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കംഫർട്ട് സ്റ്റേഷനുകളോടനുബന്ധിച്ച് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നാൽ കംഫർട്ട് സ്റ്റേഷനുകൾ എവിടെയൊക്കെയാണെന്ന് അറിയുന്ന സൂചനാ ബോർഡുകൾ പ്രധാന സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന കാര്യം ബന്ധപ്പെട്ട നഗരസഭാ കൗൺസിലുകൾക്ക് തീരുമാനിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ